**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. ലാബുകളിൽ ആയുധ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രവൃത്തി പരിചയത്തിന്റെ പേരിൽ ഐ.ടി.ഐ. ലാബുകളിൽ വടിവാൾ ഉൾപ്പെടെയുള്ള ആയുധ നിർമ്മാണം നടക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രവൃത്തി പരിചയത്തിന്റെ പേരിൽ ഐ.ടി.ഐ. ലാബുകളിൽ വടിവാൾ ഉൾപ്പെടെയുള്ള ആയുധ നിർമ്മാണം നടക്കുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. ധനുവച്ചപുരം ഐ.ടി.ഐ.യിൽ പഠനാവശ്യത്തിന് വാങ്ങിയിട്ടുള്ള മെറ്റൽ ഷീറ്റ് ഉപയോഗിച്ച് ആയുധത്തിന് സമാന മായ ഒരു മോഡൽ പരിശീലനാർത്ഥികൾ ഉണ്ടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട പ്രിൻസിപ്പൽ ട്രെയിനിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ലാബ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടവും നിരീക്ഷണവും നടത്തുന്നതിൽ അദ്ധ്യാപകർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ലാബ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടവും നിരീക്ഷ ണവും അധ്യാപകർ നല്കാറുണ്ട്. ധനുവച്ചപുരം ഐ.ടി.ഐ.യിലേത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. ടി സംഭവത്തിനു ശേഷം പാഠ്യവിഷയത്തിനുള്ളിൽ നിന്ന് പ്രായോഗിക പരിശീലനം നടത്താനും പ്രായോഗിക പരിശീലന സമയ ങ്ങളിൽ ഇൻസ്ട്രക്ടർമാരുടെയോ, വർക് ഷോപ്പ് അറ്റന്റർമാരുടെയോ സൂക്ഷ്മമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണെന്ന കർശന നിർദേശം ട്രെയിനിംഗ് ഡയറക്ടർ ഐ.ടി.ഐകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ലാബ് സംബന്ധമായ കാര്യങ്ങളിൽ കൃത്യമായ മേൽനോട്ടവും നിരീക്ഷ ണവും അധ്യാപകർ നല്കാറുണ്ട്. ധനുവച്ചപുരം ഐ.ടി.ഐ.യിലേത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. ടി സംഭവത്തിനു ശേഷം പാഠ്യവിഷയത്തിനുള്ളിൽ നിന്ന് പ്രായോഗിക പരിശീലനം നടത്താനും പ്രായോഗിക പരിശീലന സമയ ങ്ങളിൽ ഇൻസ്ട്രക്ടർമാരുടെയോ, വർക് ഷോപ്പ് അറ്റന്റർമാരുടെയോ സൂക്ഷ്മമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണെന്ന കർശന നിർദേശം ട്രെയിനിംഗ് ഡയറക്ടർ ഐ.ടി.ഐകൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ